## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
## വികാസ് ഭവൻ, തിരുവനന്തപുരം

നം. കെ.എസ്.എ.7429/സി.എ.ആർ.2/2017 തീയതി :13.06.2018

## സർക്കുലർ നമ്പർ - 06/2018

വിഷയം:- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് -- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ടിന്റേയും വാർഷിക ധനകാര്യ പത്രികകളുടേയും ഓഡിറ്റ് -- സംബന്ധിച്ച്.

സൂചന:- 1) സ. ഉ. (സാധാ) നം.1413/2018/ത.സ്വ.ഭ.വ., തീയതി 22.05.2018.
2) ഈ കാര്യലയത്തിലെ 06.06.2018 തീയതികളിലെ ഇതേ നമ്പർ കത്ത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക റിപ്പോർട്ടിനായുള്ള ഓൺ ലൈൻ പ്ലാറ്റ്ഫോമിൽ ഡേറ്റാ എൻട്രി നടത്തുമ്പോഴുള്ള അപാകതകൾ പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് ഓഡിറ്റ് പൂർത്തിയാക്കാൻ സാവകാശം വേണ്ടി വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എ.എഫ്.എസ് പരിശോധന നിർവ്വഹിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് അതാത് ജില്ലാ ഓഡിറ്റ് കാര്യാലയങ്ങൾക്ക് ആവശ്യമായ നടപടിസ്വീകരിക്കാൻ സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് പരിശോധനയ്ക്കും വാർഷിക റിപ്പോർട്ടിന്റെ പരിശോധനയ്ക്കും സബ്-ഓഫീസുകളിൽ ആവശ്യമായ ക്രമീകരണം നടത്താൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സബ്-ഓഫീസ് മേധാവികളുടെ 29.05.2018 -ലെ യോഗത്തിൽ 2017-18 വാർഷിക റിപ്പോർട്ടിന്റെ വാലിഡേഷനും എ.എഫ്.എസ് പരിശോധനയ്ക്കും കൂടി ശരാശരി 10 മനുഷ്യദിനങ്ങളായിരുന്നു ഓഡിറ്റ് പ്ലാൻ പ്രകാരം സമർപ്പിച്ചത്. അതിനനുസൃതമായി 4 മനുഷ്യദിനങ്ങൾ എ.എഫ്.എസ് പരിശോധനയ്ക്കായും 4 മനുഷ്യദിനങ്ങൾ വാർഷിക റിപ്പോർട്ട് വാലിഡേഷനായും അനുവദിക്കാവുന്നതാണ് . എ.എഫ്.എസ് പരിശോധനാ റിപ്പോർട്ടിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.
2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക ഓഡിറ്റ് 15.01.2019 -ന് പൂർത്തിയാക്കുന്ന വിധം മനുഷ്യദിനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

**ഡയറക്ടർ**

## ------------- ജില്ലയിലെ --------- പഞ്ചായത്ത് (നഗരസഭയുടെ) 2017-18 വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രവും റിപ്പോർട്ടും.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295 (6)) 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | |
| സാമ്പത്തിക വർഷം | |
| വാർഷിക കണക്കുകൾ പഞ്ചായത്ത് / നഗരസഭ അംഗീകരിച്ച തീരുമാനവും തീയതിയും | |
| വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച തീയതി | |
| സമർപ്പിച്ച വാർഷിക കണക്കുകൾ ഓഡിറ്റിനായി സ്വീകരിച്ച തീയതി | |
| പ്രസിഡന്റ് / ചെയർപേഴ്സൺ പേരും കാലയളവും | |
| സെക്രട്ടറിയുടെ പേരും കാലയളവും | |

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻെറ പേര്, ഉദ്യോഗപ്പേര് | |
| ഓഡിറ്റ് നടത്തിയ തീയതി | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | |

## I.ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4,13 , 1996 ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(6), [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295 (6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64, [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ ഭാഗം 1 ഖണ്ഡിക 4.2.1.2;11(3);11(4) ഉം 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ,നമ്പർ സർക്കാർ ഉത്തരവ് എന്നിവയിലേയും വ്യവസ്ഥകൾ പ്രകാരം ----------------- നഗരസഭയുടെ/പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 31.05.2018 ലെ കത്തിൽ നിർദ്ദേശിച്ച പരിശോധനാസൂചകങ്ങൾക്കനുസൃതമായി ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

1997 ലെ കേരളപഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങൾ,ചട്ടം10(1) പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ വിശദമായ വാർഷിക ഓഡിറ്റ് സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ പിന്നീട് നടത്തുന്നതാണ്.

## 2.ഓഡിറ്റ് ലക്ഷ്യങ്ങൾ

......................... പഞ്ചായത്തിന്റെ/നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയത് നിയമം , അനുബന്ധ ചട്ടങ്ങൾ , സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരമാണോ എന്നുള്ള പരിശോധന.

## 3.ഓഡിറ്റ് വ്യാപ്തി

......................... പഞ്ചായത്തിന്റെ/നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയത് നിയമം , അനുബന്ധ ചട്ടങ്ങൾ , സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരമാണോ , വരവ് തുകകൾ യഥാവിധി കണക്കിലെടുത്തിട്ടുണ്ടോ, ചെലവ് തുകകൾക്ക് വൗച്ചറുകളുടെ പിൻബലമുണ്ടോ അവ യഥാവിധി കണക്കിലെടുത്തിട്ടുണ്ടോ എന്നീ പരിശോധനകളാണ് നടത്തിയത് . സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രേഖകളുടേയും രജിസ്റ്ററുകളുടേയും വിവരങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങൾക്കോ ലഭ്യമാക്കാത്ത വിവരങ്ങൾക്കോ തദനുസൃതമായ ഓഡിറ്റ് നിഗമനങ്ങൾക്കോ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

## 4.പരിശോധനക്ക് വിധേയമാക്കിയ രേഖകളുടേയും രജിസ്റ്ററുകളുടേയും വിശദാംശങ്ങൾ.

1. ബാലൻസ്ഷീറ്റ്.
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്.
3. റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്.

4. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്.
5. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്).
6. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ.
7. ട്രയൽബാലൻസ്.
8. ബാങ്ക് പാസ്സ്ബുക്കുകൾ.
9. ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ.
10. രശീതികൾ
11. ഡേ ബുക്ക്
12. ക്യാഷ് ബുക്ക്
13. ബാങ്ക് ബുക്ക്
14. ചെക്ക് ബുക്ക്
15. ബിൽ ബുക്ക്
16. വൗച്ചറുകൾ
17. ഡി.സി.ബി.ഇനങ്ങളുടെ രജിസ്റ്ററുകൾ.
18. ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ
19. മുൻകൂർ രജിസ്റ്റർ
20. സ്റ്റോക്ക് രജിസ്റ്റർ
21. ഡെപ്പോസിറ്റ് രജിസ്റ്റർ
22. ആസ്തി രജിസ്റ്റർ.
23. ലോൺ രജിസ്റ്റർ

## 5.ഓഡിറ്റ് സാക്ഷ്യപത്രം

......................... പഞ്ചായത്തിന്റെ/നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് സാക്ഷ്യപത്രം (വിശേഷണങ്ങളോട് കൂടിയത്/ വിശേഷണങ്ങൾ ഇല്ലാത്തത് ----------------------------------------) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി / സീനിയർ ഡെപ്യൂട്ടി / ജോയിന്റ് ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ , വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ----- ---------------------------------
2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട് . ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി / സീനിയർ ഡെപ്യൂട്ടി / ജോയിന്റ് ഡയറക്ടർ

## അനുബന്ധം-2

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.

ഡെപ്യൂട്ടി / സീനിയർ ഡെപ്യൂട്ടി / ജോയിന്റ് ഡയറക്ടർ